**യൂണിറ്റ് 2: - <u>വിദ്യാലയം കണ്ടെത്തുന്നതെങ്ങനെ?</u>**

https://schoolwiki.in എന്ന വിലാസത്തിലൂടെ സ്കൂൾവിക്കിയിലെത്താം.

**•വെബ് ബ്രൗസറിന്റെ അഡ്രസ്സ് ബാറിൽ schoolwiki.in/schoolcode** ഉദാ - **schoolwiki.in/15001** എന്ന് **നൽകിയാൽ നേരിട്ട് ആ സ്കൂളിന്റെ താളിൽ എത്താവുന്നതാണ്.**

•വിദ്യാലയത്തിന്റെ code + schoolwiki എന്ന് ഗൂഗിൾ സെർച്ച് ചെയ്താൽ വിദ്യാലയം കണ്ടെത്താം.

•വിദ്യാലയത്തിന്റെ പേര് + schoolwiki എന്ന് ഗൂഗിൾ സെർച്ച് ചെയ്താൽ വിദ്യാലയം കണ്ടെത്താം.

•സ്കൂളിന്റെ പേരിനൊപ്പമുള്ള സ്ഥലപ്പേര് മാത്രം നൽകി ഗൂഗിൾസെർച്ച് ചെയ്താലും സ്കൂൾ കണ്ടെത്താനുള്ള സാധ്യത കൂടുതലാണ്.

•ജില്ലകളിലൂടെ എന്ന ടാബിൽ നിന്നും **ജില്ല, വിദ്യാഭ്യാസ ജില്ല, ഹൈസ്കൂൾ** എന്ന ക്രമത്തിൽ നിങ്ങൾക്കാവശ്യമായ ഹൈസ്കൂൾ താൾ കണ്ടെത്താം.

•**ജില്ല, ഉപ ജില്ല,** എന്ന ക്രമത്തിൽ പ്രൈമറി സ്കൂളുകളുടെ താളുകളും കണ്ടെത്താം.

•പൊതു വിവരങ്ങൾക്കായി, സെർച്ച് ബോക്സിൽ നിങ്ങൾക്കാവശ്യമായ വിദ്യാലയത്തിന്റെ പേര്, മറ്റ് വിവരങ്ങൾ ഇവ ടൈപ്പ് ചെയ്ത് അന്വേഷിക്കാം.

•സെർച്ച് ബോക്സിൽ സ്കൂൾകോഡ് നൽകി സെർച്ച് ചെയ്താൽ സ്കൂൾപേജ് ലഭിക്കുന്നതാണ്.

•സ്കൂൾപേജുകളുടെ ഇംഗ്ലീഷ് പേര് ടൈപ്പ് ചെയ്തും അന്വേഷണമാകാം.

•അക്ഷരസൂചികയിലൂടെയും അവശ്യമായ താളുകൾ കണ്ടെത്താം.

•**ജില്ലകളിലൂടെ ==> ജില്ല ==> വിദ്യാഭ്യാസ ജില്ല ==> ഹൈസ്കൂൾ** എന്ന ക്രമത്തിൽ ഹൈസ്കൂൾ കണ്ടെത്താം.

•**ജില്ല ==> ഉപ ജില്ല ==> എന്ന ക്രമത്തിൽ പ്രൈമറി സ്കൂളുകൾ കണ്ടെത്താം.**

വിദ്യാലയം കണ്ടെത്തുന്നതെങ്ങനെ?

**<u>സ്കൂൾവിക്കിയിൽ എന്റെ വിദ്യാലയം ഇല്ല, എന്തുചെയ്യണം?</u>**

പലവിധ കാരണങ്ങളാൽ ഏതാനും വിദ്യാലയങ്ങൾ സ്കൂൾവിക്കിയിൽ ചേർക്കപ്പെട്ടിട്ടുണ്ടാവില്ല. ഉള്ളടക്കമില്ലാത്തതിനാൽ ചിലത് മായ്ക്കപ്പെട്ടിരിക്കാം. ഇല്ലാത്തവ ചേർക്കാവുന്നതാണ്. ഇങ്ങനെ ചേർക്കുന്നതിന് Schoolwiki Help Desk ന്റെ സഹായം തേടുക. <u>ഇവിടെയുള്ള കണ്ണിയിൽ വിവരങ്ങൾ ലഭ്യമാക്കിയാൽ</u> സ്കൂൾപേജ് സൃഷ്ടിച്ചുനൽകുന്നതാണ്.

---

Register Here

join Here

HelP DesK